**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **27-06-2022 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപയുടെ ധനസഹായം എത്ര പേർക്കായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1141.49കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ DBT സംവിധാനത്തിലൂടെ ചികിത്സാധന സഹായമായി 319.96 കോടി രൂപ 1,68,158 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്.പ്രളയവുമായി ബന്ധപ്പെട്ട് 471.69 കോടി രൂപയും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 212.46 കോടി രൂപയും മറ്റ് ആവശ്യങ്ങൾക്കായി 137.38 കോടി രൂപയും വിവിധ ജില്ലാ കളക്ടർമാർക്കും വകുപ്പുകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എത്ര കാലയളവ് കഴിഞ്ഞാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി വീണ്ടും അപേക്ഷിക്കാനാവുകയെന്ന് വിശദമാക്കാമോ; | (ബി) | 03.10.2007 ലെ സ.ഉ (എം.എസ്)നം.352/2007/റവ പ്രകാരം ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാൻ പാടുള്ളു. എന്നാൽ കാൻസർ ,കിഡ്നി സംബന്ധമായ രോഗങ്ങളും ഗുരുതരമായ മറ്റു കേസുകളിലും പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ അനുവദിച്ചതാണെങ്കിലും 2 വർഷത്തിന് ശേഷം അപേക്ഷ പരിഗണിക്കാവുന്നതാണ്. |
| (സി) | ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷിക്കാനുള്ള ഫോറം പുതുക്കിയതിനാൽ പഴയ ഫോറം ഏതു കാലയളവ് വരെ ഉപയോഗിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പഴയ ഫോറം 24.11.2022 വരെ ഉപയോഗിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ